## ചില സംശയങ്ങൾ

മുഹർറം പത്തിന് നബി(സ)\ നോമ്പെടുക്കുകയും സ്വഹാബികളോട് കൽപ്പിക്കുകയും ചെയ്തപ്പോൾ, ‘ഇത് ജൂത, ക്രൈസ്തവരുടെ പുണ്യദിനമല്ലേ?’ എന്ന് സ്വഹാബികൾ സംശയമുന്നയിച്ചു. നബി(സ്വ) പറഞ്ഞു: ‘നിശ്ചയം, വരും വർഷം ഞാൻ ബാക്കിയുണ്ടെങ്കിൽ മുഹർറം ഒമ്പതിനും നോമ്പനുഷ്ഠിക്കുന്നതാണ്’ (സ്വഹീഹു മുസ്ലിം). ഇതിന്റെ അടിസ്ഥാനത്തിൽ ആശൂറാഇനു പുറമെ മുഹർറം ഒമ്പതിനും നോമ്പ് സുന്നത്താണ്. അതാണ് താസൂആഅ്.

നബി(സ്വ) മദീനയിലേക്ക് ഹിജ്റ പോയപ്പോൾ ജൂതന്മാർ ആശൂറാഅ് നോമ്പെടുക്കുന്നത് കാണുകയും അതിനെക്കുറിച്ച് അന്വേഷിച്ചറിഞ്ഞ ശേഷം മേൽപ്രകാരം നബി(സ്വ) പറയുകയും ആ വർഷം തന്നെ നബി(സ്വ) വഫാത്താകുകയും ചെയ്തുവെന്ന് തോന്നിപ്പിക്കുന്ന വിധത്തിൽ ഈ വിഷയം അവതരിപ്പിക്കുന്ന ചിലരു്. പ്രത്യക്ഷമായ മൂന്ന് സംശയങ്ങൾ ഇതിലു്.

ഹിജ്റ സംഭവിച്ചത് റബീഉൽ അവ്വലിലാണല്ലോ. റബീഉൽ അവ്വൽ ഒന്നിന് മക്കയിൽ നിന്ന് യാത്ര തിരിച്ച് പന്ത്രിന് മദീനയിലെത്തിച്ചേർന്നു. അന്ന് ജൂതന്മാർ നോമ്പെടുത്തെങ്കിൽ അതെങ്ങനെ മുഹർറം പത്തി ന്റെ ആശൂറാഅ് നോമ്പാകും?

ഉത്തരം: ഹിജ്റ പോയി മദീനയിലെത്തിയ അന്നു തന്നെ ജൂതന്മാരെ നോമ്പുകാരായി കന്നെും തദടിസ്ഥാനത്തിൽ നബി(സ്വ) ആശൂറാഅ് നോമ്പ് നടപ്പിലാക്കിയെന്നും മേലുദ്ധരിച്ച ഹദീസിന് അർഥമില്ല. മദീനയിലെത്തി പത്തു മാസം കഴിഞ്ഞ് ജൂതന്മാർ വിശിഷ്ട ദിനമായി നോമ്പെടുക്കുന്നതും ആഘോഷിക്കുന്നതും കപ്പോൾ അന്വേഷിച്ചെന്നു മാത്രമെ അർഥമുള്ളൂ.

ജൂതന്മാരിൽ നിന്ന് കു പഠിച്ചിട്ടാണ് മുഹർറം പത്തിന്റെ പ്രാധാന്യം നബി(സ്വ) ഉൾക്കൊതെന്ന് തോന്നിപ്പോകാമോ?

ഉത്തരം: പാടില്ല. യഥാർഥത്തിൽ ആശൂറാഅ് ദിനത്തിന്റെ പ്രാധാന്യം നബി(സ്വ) നേരത്തെ തന്നെ ഉൾ ക്കൊിരുന്നതും, മക്കയിൽ വെച്ച് തന്നെ നോമ്പെടുത്ത് തുടങ്ങിയതുമാണ്. ആഇശ(റ) ഇത് ഉദ്ധരിച്ചിട്ടു്. മദീനയിൽ ജൂതന്മാർ പ്രബല സമുദായമായിരുന്നു; മുസ്ലിംകൾ ന്യൂനപക്ഷവും. അത്തരമൊരു സാഹചര്യത്തിൽ അവരുടെ ദൃഷ്ടിയിലുള്ള പുണ്യദിനത്തെ മുസ്ലിംകളും മാനിക്കുകയാണെന്ന് തോന്നിപ്പിക്കാനായി മാത്രം നബി(സ്വ) മേൽപറഞ്ഞ വിധത്തിൽ അന്വേഷിച്ചതാണ്. അങ്ങനെയാണ് ആശൂറാഅ് ദിനത്തിൽ നബി(സ്വ)യും സ്വഹാബികളും (ജൂതരോടൊപ്പം) നോമ്പുകാരായത്.

നബി(സ്വ)യുടെ അമ്പത്തിമൂന്നാം വയസ്സിലാണല്ലോ ഹിജ്റ. അടുത്ത വർഷം ഞാൻ ബാക്കിയുണ്ടെങ്കിൽ ഒമ്പതിനും നോമ്പനുഷ്ഠിക്കുമെന്ന് നബി(സ്വ) പറഞ്ഞെന്നും പക്ഷേ, ആ വർഷം തന്നെ നബി(സ്വ) വഫാത്തായെന്നും പറയുമ്പോൾ അമ്പത്തിമൂന്നാം വയസ്സിലാണോ തങ്ങൾ വഫാത്തായത്?

ഉത്തരം: ഹിജ്റയുടെ ഒന്നാം വർഷത്തിലല്ല നബി(സ്വ) അപ്രകാരം പറഞ്ഞത്. രാം ചോദ്യത്തിന്റെ ഉത്തരത്തിൽ പറഞ്ഞതുപോലെ, ഹിജ്റയുടെ രാം വർഷത്തിൽ, ‘ജൂതർക്കൊപ്പം മുഹർറം പത്തിന് നോമ്പെടുക്കുക’ എന്നായിരുന്നു നബി(സ്വ)യുടെ കൽപന. ജൂതരോട് ഐക്യദാർഢ്യം തോന്നിപ്പിക്കാനും സൗഹൃദം നിലനിർത്താനുമായിരുന്നു അത്. അത്തരമൊരു ഘട്ടത്തിൽ ‘ജൂതരോട് വ്യത്യസ്തത കാട്ടാൻ വേി ഒമ്പതിനും നോമ്പെടുക്കുക’ എന്ന് നബി(സ്വ) പറയില്ലല്ലോ.

എട്ടു വർഷത്തോളം ഈ നില തുടർന്നു. പക്ഷേ, അതിനിടയിൽ ബനൂ ഖൈനുഖാഅ്, ബനൂഖുറൈള, ബനുന്നളീർ പോലുള്ള മദീനയിലെ ജൂത ഗോത്രങ്ങൾ നബി(സ്വ)യെ പലവട്ടം ചതിക്കുകയും ദ്രോഹിക്കുകയും മക്കാമുശ്രിക്കുകളുമായി ചേർന്ന് മുസ്ലിംകളെ നശിപ്പിക്കാനൊരുങ്ങുകയും ചെയ്യുകയുായി. ജൂതരും മുസ്ലിംകളുമായി സംഘട്ടനം പോലും നടന്നു. ഇനിയുമൊരു രമ്യത സാധ്യമല്ലെന്ന ഘട്ടം വന്നപ്പോൾ മക്കാ ഫത്ഹിനു ശേഷം, നബി(സ്വ)യുടെ അറുപത്തിമൂന്നാം വയസ്സിൽ (ഹിജ്റയുടെ പത്താം വർഷം) നബി(സ്വ) പറഞ്ഞു: ‘‘നിങ്ങൾ ജൂതരോട് എല്ലാ വിധേനയും എതിരാവുക. മുഹർറം പത്തിന് അവർ നോമ്പെടുക്കുന്നുങ്കെിൽ നിങ്ങൾ പത്തിനോടൊപ്പം അതിന്റെ മുമ്പും ശേഷവും നോമ്പെടുക്കുക’’ (ഇമാം അഹ്മദ് നിവേദനം ചെയ്ത ഹദീസിന്റെ ആശയ സംഗ്രഹം. ശർവാനീ:3/456). ഇതേ വർഷം തന്നെയാണ്, ‘അടുത്ത വർഷം ഞാൻ ബാക്കിയുങ്കെിൽ ഒമ്പതിനും നോമ്പെടുക്കു’മെന്ന് നബി(സ്വ) പറഞ്ഞത്. പക്ഷേ, നബി(സ്വ) ബാക്കിയുായില്ല.

ഇതെല്ലാം ഇമാം ഇബ്നു ഹജർ അൽ അസ്ഖലാനീ(റ)യുടെ ഫത്ഹുൽ ബാരി എന്ന ഗ്രന്ഥത്തിലും (4/198þ–200) ഇമാം നവവീ(റ)യുടെ പ്രസിദ്ധ ഹദീസ് വ്യാഖ്യാന ഗ്രന്ഥമായ ശർഹു മുസ്ലിമിലും(1/359) വിവരിച്ചിട്ടു്. യഹൂദികളുടെ ചതിദ്രോഹങ്ങൾ താരീഖു മുഹമ്മദ് റസൂലില്ലാഹി(സ്വ) എന്ന ചരിത്ര ഗ്രന്ഥത്തിൽ (152þ–154, 181–183, 212–215, 235þ–237) കാര്യകാരണ സഹിതം പ്രതിപാദിച്ചിട്ടു്.

END